# നീതിവേദി

www.neethivedhi.org



നീതി ഔദാര്യമല്ല...

അവകാശമാണ്...

# ഏകദിന ക്യാമ്പ്





നവംബർ 1 ന് നൂൽപ്പുഴ പഞ്ചായത്തിലെ പൊൻകുഴി വിദ്യാർത്ഥി ക്ലബിലെ കുട്ടികൾക്കായി ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. ശ്രീമതി സൂര്യ, ശ്രീ ജ്യോതിഷ് കുമാർ എന്നിവർ നേതൃത്വം നൽകി. ക്യാമ്പിൽ 20 പേർ പങ്കെടുത്തു.

# ശിശുദിന ആഘോഷം

നവംബർ 15 ന് മീനങ്ങാടി പഞ്ചായത്തിലെ രാരോത്ത്, ആർമാട്, മുട്ടിൽ പഞ്ചായത്തിലെ അടുവാടിവയൽ, വെള്ളമുണ്ട പഞ്ചായത്തിലെ കരിങ്ങാരി വിദ്യാർത്ഥി സൗഹൃദക്ലബുകളിൽ ശിശുദിന ആഘോഷം സംഘടിപ്പിച്ചു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. കുട്ടികൾക്ക് മധുരപലഹാരങ്ങളും പായസവും വിതരണം ചെയ്തു. ഫസിലിറ്റേറ്റർമാർ നേതൃത്വം നൽകി.







# വനിതാ സൗഹൃദ കൂട്ടായ്മ




നവംബർ 4 ന് മീനങ്ങാടി പഞ്ചായത്തിലെ താഴത്തുവയൽ വനിതാ ക്ലബ് അംഗങ്ങളുടെ മീറ്റിംഗ് നടത്തി. ശ്രീമതി മേഴ്സി സ്വാഗതം ആശംസിച്ചു. ശ്രീമതി ഗംഗ അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി സിജി നന്ദി പറഞ്ഞു. 14 പേർ മീറ്റിംഗിൽ പങ്കെടുത്തു.





ഡിസംബർ 26 ന് വെള്ളമുണ്ട കായലിങ്കൽ പുലരി വനിതാ ക്ലബിൽ ക്രിസ്തുമസ് – പുതുവത്സര ആഘോഷം നടത്തി. ശ്രീമതി ഇന്ദിര സ്വാഗതം ആശംസിച്ചു. വിപിത അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി ഓമന ക്രിസ്തുമസ് – പുതുവത്സര ആശംസകൾ നേർന്നു സംസാരിച്ചു. കേക്ക് മുറിച്ചു പരസ്പരം സന്തോഷം പങ്കിട്ടു. ശ്രീമതി മാധവി നന്ദി പറഞ്ഞു. 13 പേർ പങ്കെടുത്തു.




ഡിസംബർ 28 ന് മീനങ്ങാടി മാറ്റൊലി വനിതാ ക്ലബിൽ ക്രിസ്തുമസ് – പുതുവത്സര ആഘോഷം നടത്തി. ശ്രീമതി സുജാത അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ ശ്രീമതി ശാന്തി സുനിൽ കേക്ക് മുറിച്ചു പരസ്പരം സന്തോഷം പങ്കിട്ടു. ശ്രീമതി മിനി സാജു നേതൃത്വം നൽകി. 20 പേർ പങ്കെടുത്തു.

ഡിസംബർ 29 ന് മുട്ടിൽ പരിയാരം വനിതാ ക്ലബിൽ ക്രിസ്തുമസ് – പുതുവത്സര ആഘോഷം നടത്തി. ശ്രീമതി ഖദീജ കേക്ക് മുറിച്ചു നൽകി. ക്രിസ്തുമസ് ഗിഫ്റ്റ് കൈമാറി. ശ്രീമതി വൽസ ദേവസ്യ നേതൃത്വം നൽകി. 17 പേർ പങ്കെടുത്തു.



# ഓറഞ്ച് ദി വേൾഡ് ക്യാമ്പയിൻ






നവംബർ 26 ന് വനിതാ ശിശു വികസന വകുപ്പിന്റെയും നീതിവേദിയുടെയും ആഭിമുഖ്യത്തിൽ ഓറഞ്ച് ദി വേൾഡ് ക്യാമ്പയിന്റെ ഭാഗമായി കോട്ടത്തറ വെച്ച് ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി ഗീത അദ്ധ്യക്ഷത വഹിച്ചു. നീതിവേദി ലീഗൽ കൗൺസിലർ അഡ്വ. ജോമോൾ ജോയി ക്ലാസ്സ് നയിച്ചു. 40 ഓളം പേർ പങ്കെടുത്തു.









നവംബർ 27 ന് വനിതാ ശിശു വികസന വകുപ്പിന്റെയും നീതിവേദിയുടെയും ആഭിമുഖ്യത്തിൽ ഓറഞ്ച് ദി വേൾഡ് ക്യാമ്പയിന്റെ ഭാഗമായി കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ ഗൂഡലായ്ക്കുന്ന് അംഗൻവാടിയിൽ വെച്ച് ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. നീതിവേദി ലീഗൽ കൗൺസിലർ അഡ്വ.ജോമോൾ ജോയി ക്ലാസ്സ് നയിച്ചു. ശ്രീമതി വൽസ ദേവസ്യ നേതൃത്വം നൽകി. 34 പേർ പങ്കെടുത്തു.



നവംബർ 28 ന് വനിതാ ശിശു വികസന വകുപ്പിന്റെയും നീതിവേദി യുടെയും ആഭിമുഖ്യത്തിൽ ഓറഞ്ച് ദി വേൾഡ് ക്യാമ്പയിന്റെ ഭാഗമായി മുട്ടിൽ പഞ്ചായത്തിലെ പരിയാരത്ത് വെച്ച് ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. നീതിവേദി കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു ക്ലാസ്സ് നയിച്ചു. ശ്രീമതി വൽസ ദേവസ്യ നേതൃത്വം നൽകി. 32 പേർ പങ്കെടുത്തു.



നവംബർ 29 ന് വനിതാ ശിശു വികസന വകുപ്പിന്റെയും നീതിവേദി യുടെയും ആഭിമുഖ്യ ത്തിൽ ഓറഞ്ച് ദി വേൾഡ് ക്യാമ്പയിന്റെ ഭാഗമായി മീന ങ്ങാടി പഞ്ചായത്തിലെ അത്തിനിലത്ത് വെച്ച് ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. നീതിവേദി ലീഗൽ കൗൺസിലർ അഡ്വ.ജോമോൾ ജോയി ക്ലാസ്സ് നയിച്ചു. 34 പേർ പങ്കെടുത്തു.

# കനൽ ക്യാമ്പ്



ഡിസംബർ 30, 31 തിയതികളിൽ മാനന്തവാടി പാവനയിൽ വെച്ച് സംഘടിപ്പിച്ചു. ഡിസംബർ 30 ന് ശ്രീ പ്രതീഷ് കമ്മന റിസോഴ്സ് പേഴ്സൺ ആയിരുന്നു. ഗ്രൂപ്പ് തിരിച്ച് വിവിധ ഗെയിമുകളും ആക്റ്റിവിറ്റികളും ചെയ്തു. വൈകുന്നേരം നടന്ന കലാസന്ധ്യയിൽ നാടകം, ഗ്രൂപ്പ് ഡാൻസ്, ഗ്രൂപ്പ് സോംഗ് എന്നിവ നടത്തി. മത്സര വിജയികൾക്ക് ക്യാഷ് പ്രൈസ് നൽകി. ഡിസംബർ 31 ന് ഗ്രൂപ്പ് തലത്തിൽ ക്വിസ് മത്സരം നടത്തി. തുടർന്ന് മലയാളം, ഇംഗ്ലീഷ്, കണക്ക് തുടങ്ങിയവയുടെ അടിസ്ഥാന പാഠങ്ങൾ ഗ്രൂപ്പ് തലത്തിൽ പഠിപ്പിച്ചു. ശ്രീമതി സൂര്യ കുട്ടികളുമായി സംസാരിച്ചു. ന്യൂ ഇയർ കേക്ക് മുറിച്ച് ആഘോഷിച്ചു. ബെസ്റ്റ് ക്യാമ്പേഴ്സായി വിക്കി, മിധുഷ എന്നിവർക്ക് സമ്മാനങ്ങൾ നൽകി. ക്യാമ്പിൽ 49 പേർ പങ്കെടുത്തു.

# ധനസഹായം



നവംബർ 6 ന് നീതിവേദി ഓഫീസിൽ വെച്ച് കോട്ടയം സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ സഹായത്തോടെ മുണ്ടക്കൈ -ചൂരൽമല ദുരന്തബാധിതരായ 15 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭത്തിനുള്ള ധനസഹായം കൈമാറി.





# സന്ദർശനം





നവംബർ 7,8 തിയതികളിൽ ബാംഗ്ലൂർ പ്രവർത്തിക്കുന്ന അസിംപ്രേംജി ഫൗണ്ടേഷനിലെ ശ്രീമതി ജോഹാന നീതിവേദി സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. ഗവേർണിംഗ് ബോഡി അംഗങ്ങൾ, സ്റ്റാഫ് അംഗങ്ങൾ, പീസ് കമ്മറ്റി പ്രതിനിധികൾ എന്നിവരുമായി സംസാരിച്ചു. മേപ്പാടി, കൽപ്പറ്റ, മീനങ്ങാടി എന്നിവിടങ്ങളിലെ 5 ഊരുകൾ സന്ദർശിച്ചു.

ഡിസംബർ 2 ന് വനിതാ ശിശു വികസന വകുപ്പ് ഓഫീസർ ശ്രീമതി ബിന്ദുഭായ് കെ ആർ, ജില്ലാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി ഗീത എൻ പി, സീനിയർ ക്ലർക്ക് ശ്രീമതി ബബിത എന്നിവർ നീതിവേദി സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.

ഡിസംബർ 12 ന് അസിംപ്രേംജി ഫൗഷേൻ പ്രതിനിധി ശ്രീ ബോബി നീതിവേദി സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.

ഡിസംബർ 22 ന് എസ് സി എൻ സിസ്റ്റേഴ്സിന്റെ ക്രിസ്തുമസ് ആഘോഷ പരിപാടികളിൽ നീതിവേദി പ്രവർത്തകർ പങ്കെടുത്തു.





വയനാട് ജനമൈത്രി പോലീസ്, വനിതാസെൽ, വനിതാ സംരക്ഷണ ഓഫീസ് എന്നിവരുടെ ആഭിമുഖ്യത്തിൽ ജെൻഡർ ജസ്റ്റിസ് കോൺഫറൻസും പരാതി പരിഹാര അദാലത്തും സംഘടിപ്പിച്ചു. നീതിവേദി ലീഗൽ കൗൺസിലർ അഡ്വ ജോമോൾ ജോയി നിയമസേവനം നൽകി.

ഡിസംബർ 24 ന് വയനാട് ജില്ലയിലെ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന ദേശീയ ഉപഭോക്തൃ അവകാശദിനാചരണത്തിൽ നീതിവേദിയെ പ്രതിനിധീകരിച്ച് ട്രഷറർ ശ്രീ അനീഷ് ബാബു പങ്കെടുത്തു.

ഡിസംബർ 31 ന് മാനന്തവാടി പാവനയിൽ വെച്ച് സ്റ്റാഫ് മീറ്റിംഗ് നടത്തി. ക്രിസ്തുമസ് ഫ്രണ്ട് കൈമാറി. ജനുവരിയിലെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.




**നവംബർ 29 ന് നിര്യാതയായ നീതിവേദിയുടെ വൈസ് പ്രസിഡന്റ്**
**ശ്രീമതി. കെ. മിനിക്ക് നീതിവേദി കുടുംബത്തിന്റെ ആദരാഞ്ജ്ജലികൾ**


Happy
New Year
2026
A new year, a fresh start, and endless possibilities ahead. Wishing you joy, growth, and success in every step you take.
NEETHI VEDHI
സുധിക്കവെല, കാക്കവെയൽ പി. ഒ
കൽപ്പറ്റ നോർത്ത്, വയനാട് – 673122
ഫോൺ – 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org